©

Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. II
വാല്യം 2

THIRUVANANTHAPURAM, TUESDAY
തിരുവനന്തപുരം, ചൊവ്വ

24th December 2013
2013 ഡിസംബർ 24
3rd Pousha 1935
1935 പൌഷം 3

No. 51
നമ്പർ

# PART III
# Forest Department

### OFFICE OF THE ADDITIONAL PRINCIPAL CHIEF CONSERVATOR OF FORESTS (WP & R) & CUSTODIAN OF ECOLOGICALLY FRAGILE LAND THIRUVANANTHAPURAM

[UNDER SECTION 3 (2) OF THE KERALA FOREST (VESTING & MANAGEMENT OF ECOLOGICALLY FRAGILE LAND ACT 2003)]

ERRATUM NOTIFICATION

No. EFL 10-40/2013. *26th November 2013.*

In the notification issued under EFL-1-134/2006 dated 26th July 2006 and published in the Kerala Gazette No. 34, Volume 51, published by Authority dated 22nd August 2006, certain errors crept in the entry for the Column Nos. 4, 6, & 8 to 13 are corrected as shown in the schedule below.

SCHEDULE

| *Sl. No.* | *District* | *Taluk* | *Forest Division* | *Range* | *Locality* | *Village* | *Sy. No. with Sub Division* | *Extended (Ha.) (Approx.)* | *Boundaries* | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | *North* | *East* | *South* | *West* |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| | Kasaragod | Hosdurg | Kasaragod | Kanhangad | Perumthadymala | Panathady | R.S. No. 291/pt | 154.0347 Ha. | NA Plantation in R.S. No. 291/pt | Vested Forest in R. S. No. 291/pt & land in R.S. No. 292 & 313 | Vested Forest in R. S. No. 291/pt & land in R.S. No. 292 and Maloth Village | Vested Forest in R. S. No. 291/pt & land in R.S. No. 274 |

(Sd.)

*Custodian (Ecologically Fragile Lands) &*
*Addl. Principal Chief Conservator of Forests (WP&R).*

**Explanatory Note**

(This does not form part of the notification, but is intended to indicate the general purport.)

As per notification issued under EFL. 1-134/2006 dated 26th July 2006 and published in the Kerala Gazette No. 34, Volume 51, published by authority dated 22nd August 2006 an approximate extent of 60 Ha. in R.S. No. 291 of Panathady Village, Hosdurg Taluk, Kasaragod District vested under section 3(1) of the EFL Act as Ecologically Fragile land was notified.

On survey & demarcation, the actual extent of EFL vested with the Government was found 154.0347 Ha. in three bits. The area now falls under Kasaragod Division. Some variations in the name of locality, survey number and description of boundaries were noticed consequent on actual survey. The Department have therefore decided to notify the correct details through an erratum.

This notification is intended to achieve the above object.

## തിരുവനന്തപുരം ഡിവിഷന്‍

### പുനര്‍ ദര്‍ഘാസ് പരസ്യം

നമ്പര്‍ ഡി-6060/2010. 2013 ഡിസംബര്‍ 5.

കേരള ഗവര്‍ണ്ണര്‍ക്കുവേണ്ടി തിരുവനന്തപുരം ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസര്‍ താഴെ വിവരിക്കുന്ന ജോലികള്‍ക്ക് പൊതുമരാമത്ത് വകുപ്പിലെ അംഗീകൃത കരാറു കാരില്‍നിന്നും ഓരോ ജോലിക്കും മുദ്രവച്ച കവറുകളില്‍ പ്രവര്‍ത്തികളുടെ പേര് കാണിച്ചുകൊണ്ടുള്ള ദര്‍ഘാസുകള്‍ ക്ഷണിച്ചുകൊള്ളുന്നു. ദര്‍ഘാസുകള്‍ 2013 ഡിസംബര്‍ മാസം 30-ാം തീയതി പകല്‍ 3 മണിവരെ തിരുവനന്തപുരം ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസില്‍ സ്വീകരിക്കുന്നതും 3.30-ന് ഹാജരുള്ള ദര്‍ഘാസുകാരുടെ സാന്നിദ്ധ്യത്തില്‍ തുറക്കുന്നതുമാണ്.

| ക്രമ നമ്പര്‍ | ദര്‍ഘാസ് നമ്പരും പ്രവൃത്തിയുടെ പേരും ഉദ്ദേശ അടങ്കല്‍ തുകയും | നിരതദ്രവ്യം ₹ |
|---|---|---|
| (1) | (2) | (3) |
| 1 | D-1235/2013—പാലോട് റെയിഞ്ചിലെ പൊന്‍മുടിയില്‍ പുതുതായി ഇന്‍സ്പെക്ഷന്‍ ബംഗ്ലാവിന്റെ നിര്‍മ്മാണം—₹ 37,20,000 | 93,000 |
| 2 | D-6377/2013—പാലോട് റെയിഞ്ചിലെ പൊന്‍മുടിയില്‍ 8-ാം കി. മീറ്ററില്‍ നിരീക്ഷണ സ്ഥലം നിര്‍മ്മാണം—₹ 1,25,000 | 3,200 |
| 3 | D-7234/2013—പാലോട് റെയിഞ്ചിലെ കല്ലാര്‍ ഗോള്‍ഡന്‍ വാലിയില്‍ രണ്ട് റൂമിന്റെ നിര്‍മ്മാണം—₹ 1,60,000 | 4,000 |
| 4 | D-6375/2013—പാലോട് റെയിഞ്ചിലെ ഗോള്‍ഡന്‍ വാലി എക്കോ പോയിന്റില്‍ ടോയിലറ്റ് നിര്‍മ്മാണം—₹ 2,18,000 | 5,500 |
| 5 | D-4418/2013—പാലോട് റെയിഞ്ചിലെ പച്ചമല ഗാര്‍ഡ് സ്റ്റേഷന്റെ ചുറ്റുമതില്‍ കെട്ടി ഗേറ്റ് നിര്‍മ്മാണം—₹ 1,75,000 | 4,400 |
| 6 | D-4414/2013—പാലോട് റെയിഞ്ചിലെ കല്ലാര്‍ സെക്ഷനില്‍ പൊന്‍മുടിയില്‍ വാച്ചിംഗ് ടവ്വര്‍ നിര്‍മ്മാണം—₹ 3,20,000 | 8,000 |
| 7 | D-4946/2013—പരുത്തിപ്പള്ളി റെയിഞ്ചിലെ വിതുര സെക്ഷനില്‍ ചുറ്റുമതിലും ഗേറ്റും നിര്‍മ്മാണം—₹ 5,80,000 | 14,500 |
| 8 | G2-6603/2013—പാലോട് റെയിഞ്ചിലെ കല്ലാര്‍ സെക്ഷനില്‍ മുല്ലമൂട് സെറ്റില്‍മെന്റ് സ്ഥലത്ത് സൗരോര്‍ജ്ജ വേലി നിര്‍മ്മാണം—₹ 2,66,000 | 6,700 |

ദര്‍ഘാസ് ഫോറത്തിന്റെ വില—ക്രമനമ്പര്‍ 1-ന് ₹ 5,600+ വാറ്റ്, ക്രമനമ്പര്‍ 2, 3, 4, 5 ഇവയ്ക്ക് ₹ 400+ വാറ്റ്, ക്രമനമ്പര്‍ 6-നും 8-നും ₹ 500 + വാറ്റ്, ക്രമനമ്പര്‍ 7-ന് ₹ 1,500 + വാറ്റ്.

ജോലി ചെയ്ത് തീര്‍ക്കേണ്ട കാലാവധി—കരാര്‍ തീയതി മുതല്‍ 3 മാസം.

ദര്‍ഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും തിരുവനന്തപുരം ഡിവിഷണല്‍ ഫോറസ്റ്റ് ആഫീസില്‍ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്തും ദര്‍ഘാസ് ദിവസം ഉച്ചയ്ക്ക് 1 മണി വരെയും ദര്‍ഘാസ് പ്രമാണത്തിന്റെ വിലയും വില്‍പന നികുതിയും ഉള്‍പ്പെടെ പണമായി അടച്ച് രേഖാമൂലം അപേക്ഷിച്ചാല്‍ ലഭിക്കുന്നതാണ്.

ദര്‍ഘാസ് പ്രമാണത്തിനുവേണ്ടി അടയ്ക്കുന്ന തുക മടക്കി കൊടുക്കുന്നതല്ല. മറ്റു വ്യവസ്ഥകള്‍ എല്ലാം പൊതുമരാമത്ത് വകുപ്പില്‍ നിലവിലുള്ളതുപോലെ ആയിരിക്കും. കൂടാതെ ജി.ഒ. (പി) നമ്പര്‍ 540/08/fin. തീയതി 1-12-2008-ലെ വ്യവസ്ഥകളും ഈ പ്രവൃത്തിക്ക് ബാധകമായിരിക്കും.

നിരതദ്രവ്യത്തിനുവേണ്ടി ഡ്രാഫ്റ്റുകള്‍ ഡിവിഷണല്‍ ഫോറസ്റ്റ് ആഫീസറുടെ പേരിലുള്ളതും പ്രവൃത്തിയുടെ പേര് എഴുതി ആവശ്യമായ സ്റ്റാമ്പ് പതിച്ച് കവര്‍ സഹിതം ഒപ്പിട്ടിട്ടുള്ളതും ആയിരിക്കണം. ദര്‍ഘാസിനോടൊപ്പം ₹ 50/100 വിലയുള്ള മുദ്രപത്രത്തില്‍ പ്രാഥമിക ഉടമ്പടി കൂടി സമര്‍പ്പിക്കേണ്ടതാണ്. ദര്‍ഘാസ് ദിവസം ഏതെങ്കിലും കാരണവശാല്‍ അവധി ദിവസമായാല്‍ അടുത്ത പ്രവൃത്തി ദിവസം നേരത്തെ നിശ്ചയിച്ചിരുന്ന സമയത്തും സ്ഥലത്തും വച്ച് ദര്‍ഘാസ് സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്. മേല്‍ പറഞ്ഞ ദിവസങ്ങളില്‍ ദര്‍ഘാസ് ലഭിക്കാത്ത ജോലികള്‍ 2014 ജനുവരി മാസം 5-ാം തീയതി നിശ്ചിത സമയത്തും സ്ഥലത്തും വച്ച് മേല്‍പറഞ്ഞ വ്യവസ്ഥകള്‍ പ്രകാരം ടെണ്ടര്‍ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

(ഒപ്പ്)
ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസര്‍.

ഡിവിഷണല്‍ ഫോറസ്റ്റാഫീസ്,
തിരുവനന്തപുരം.